# പതിമൂന്നാം കേരള നിയമസഭ

## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നം. 165** **22.03.2012 ൽ മറുപടിക്ക്**

**പെട്രോൾ, ഡീസൽ, രാസവള വില നിയന്ത്രണം നീക്കിയതുമൂലമുള്ള പ്രത്യാഘാതങ്ങൾ**

**ചോദ്യം**

ശ്രീ. കെ.കെ. നാരായണൻ
ശ്രീ. കെ. രാധാകൃഷ്ണൻ
ശ്രീ. സി.കെ. സദാശിവൻ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

**ഉത്തരം**

ശ്രീ. ഉമ്മൻ ചാണ്ടി
ബഹു. മുഖ്യമന്ത്രി

| | | |
|---|---|---|
| (എ.) | രാസവളങ്ങളുടെയും, ഡീസലിന്റെയും വില നിയന്ത്രണം നീക്കുന്നതിന് കേന്ദ്ര സാമ്പത്തിക ഉപദേശക സമിതി ശുപാർശ ചെയ്തിരിക്കുന്നതും കേന്ദ്രം ആ നിലയ്ക്ക് കാര്യങ്ങൾ നീക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | ഉണ്ട്. |
| (ബി.) | പെട്രോളിന്റെയും, യൂറിയയുടെയും വില നിയന്ത്രണം എടുത്തുകളഞ്ഞതും വളത്തിന്റേതുൾപ്പെടെ സബ്സിഡി നിർത്തലാക്കിയതും വഴി, സംസ്ഥാനത്തെ ജനങ്ങൾ എത്തിച്ചേർന്നിരിക്കുന്നതായി പറയപ്പെടുന്ന ദുരിതാവസ്ഥ ഇനിയും മൂർച്ഛിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | പെട്രോളിന്റെ വിലനിയന്ത്രണം എടുത്തു കളഞ്ഞതുവഴി ഉണ്ടായ ക്ലേശങ്ങൾ ലഘൂകരിക്കുന്നതിനുവേണ്ടി, വർദ്ധിപ്പിച്ച വിലയിന്മേലുള്ള സംസ്ഥാനത്തിന്റെ വിൽപന നികുതി വേണ്ടെന്ന് വച്ചിട്ടുണ്ട്. വളങ്ങളിന്മേലുള്ള സബ്സിഡി നിർത്തലാക്കിയതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| സി. | എങ്കിൽ കേന്ദ്ര ഗവൺമെന്റിന്റെ ഈ നിലപാടുകൾക്കെതിരെ ശക്തമായ സമ്മർദ്ദം ചെലുത്താൻ തയ്യാറാകുമോ ; | കേന്ദ്ര സർക്കാർ വിലക്കയറ്റം നിയന്ത്രണാധീനമാക്കാൻ വിവിധ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 80 ശതമാനത്തോളം എണ്ണ, ഇന്ത്യ വിദേശ രാജ്യങ്ങളിൽനിന്ന് ഇറക്കുമതി ചെയ്യുന്ന സാഹചര്യത്തിൽ, എണ്ണയുടെ വിലവർദ്ധനമൂലമുള്ള പ്രശ്നങ്ങൾ തരണം ചെയ്യാൻ കേന്ദ്ര സർക്കാരിനോടൊപ്പം സംസ്ഥാനം നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി. | കേന്ദ്ര ഗവൺമെന്റ് സ്വീകരിച്ചുവരുന്ന വില നിയന്ത്രണം എടുത്തുകളയൽ നടപടി മൂലം സംസ്ഥാനത്തിന്റെ സമ്പത് ഘടനയിൽ എന്തെല്ലാം നിലയിലുള്ള പ്രത്യാഘാതങ്ങൾ സംഭവിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ ? | (സി.-ക്കുള്ള ഉത്തരം കാണുക) |

സെക്ഷൻ ഓഫീസർ